# കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലിമിറ്റഡ്

## KERALA STATE TEXTILE CORPORATION LTD

"ഭരണഭാഷ - മാതൃഭാഷ"

Innovation - Genetic Code ; Impossible - Null Code

പി/204/11/330 08.06.2018

## നോട്ടീസ്

### ഉദുമ ടെക്സ്റ്റെയിൽ മിൽസ് റാങ്ക് ലിസ്റ്റ്

വിഷയം : കേരളാ സ്റ്റേറ്റ് ടെക്സ്റ്റെയിൽ കോർപ്പറേഷന്റെ പുതിയ പ്രോജക്റ്റായ ഉദുമ ടെക്സ്റ്റെയിൽ മിൽസ് റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന :
1. കേരളാ സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിൽ, കളമശ്ശേരി തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകൾ
2. ബഹു. ഹൈക്കോടതിയുടെ 04.04.2017 - ലെ WP(C) 1699/12, 1700/12, 3516/12, 4635/12, 4362/12 എന്നീ കേസ്സുകളിലെ വിധി.
3. 27.03.2018 തീയതിയിലെ ജി.ഒ. (എം.എസ്) നമ്പർ 24/2018/ഐ.ഡി സർക്കാർ ഉത്തരവ്.

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. 01.01.2011-ലെ ജി.ഒ.(എം.എസ്) നമ്പർ 1/2011/ഐ.ഡി സർക്കാർ ഉത്തരവ് പ്രകാരം നടത്തിയ റിക്രൂട്ട്മെന്റ് പ്രക്രിയയുടെ കേരളാ സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിൽ തയ്യാറാക്കിയ ഉദുമാ ടെക്സ്റ്റെയിൽ മിൽസിനു വേണ്ടിയുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നു. റാങ്ക് ലിസ്റ്റിന്റെ കാലാവധി 08.06.2018 തീയ്യതി മുതൽ ആറു (6) മാസക്കാലം ആയിരിക്കും. ലിസ്റ്റുകളുടെ ഒരു പകർപ്പ് കെ.എസ്.ടി.സി ഹെഡ് ഓഫീസിലും, www.kstcl.org എന്ന കോർപ്പറേഷന്റെ വെബ്സൈറ്റിലും ലഭ്യമാണ്.

പ്രസിദ്ധപ്പെടുത്തിയ ലിസ്റ്റുകൾ

1. വർക്കർ (ഇലക്ട്രീഷ്യൻ)
2. വർക്കർ (ഫിറ്റർ)
3. വർക്കർ

സൂചന 3- ലെ സർക്കാർ ഉത്തരവ് പ്രകാരം, പി.എസ്സ്.സി വഴി നിയമനത്തിനായുള്ള തസ്തികകൾ ഉൾപ്പെട്ട റാങ്ക് ലിസ്റ്റുകൾ പ്രയോഗമല്ലാത്തവ (inoperative) ആയതുകൊണ്ട് പ്രസിദ്ധപ്പെടുത്തുന്നില്ല എന്ന വിവരവും അറിയിക്കുന്നു.

(ഒപ്പ്)
മാനേജിംഗ് ഡയറക്ടർ
ഫോർവേഡഡ് ബൈ ഓർഡർ

കെ.ജെ.റോയ്
മാനേജർ (പെർസണൽ)

കുറിപ്പ് : ഈ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ ആണ്.

ഉള്ളടക്കം:
1. 27.03.2018 തീയതിയിലെ ജി.ഒ.(എം.എസ്)നമ്പർ 24/2018/ഐ.ഡി സർക്കാർ ഉത്തരവ്.
2. മൂന്ന് റാങ്ക് ലിസ്റ്റുകൾ

KERALA STATE TEXTILE CORPORATION LTD. TRIVANDRUM

കോപ്പി: ഉദുമ ടെക്സ്റ്റെയിൽ മിൽസ്, മൈലാട്ടി, കാസർഗോഡ്.